**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചികിത്സാ സഹായം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ സഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് തുടർച്ചയായി അംശാദായം അടച്ച "Comprehensive Health Insurance Scheme " - ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നു. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചിലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ച് വരുന്നു. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 9-ാം നമ്പർ ഫാറത്തിലാണ് പൂരിപ്പിച്ച് നൽകേണ്ടത്. |
| (ബി) | കിടപ്പ് രോഗികളായ അംഗങ്ങൾക്ക് സമയബന്ധിതമായി രേഖകൾ സമർപ്പിക്കാൻ കഴിഞ്ഞില്ലെന്ന കാരണത്താൽ ചികിത്സാ സഹായം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇത്തരം വ്യക്തികൾക്ക് ചികിത്സാ സഹായം | (സി) | ബാധകമല്ല |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ